LIBRARY ARCHIVES Kerala Legislative Assembly

നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽ കൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി തീറ്റപ്പുൽകൃഷി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) പുൽകൃഷി വ്യാപനത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; ആയതിനായി ക്ഷീരകർഷകർക്ക് സബ്സിഡി നൽകിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ?

തീറ്റപ്പുൽകൃഷിവ്യാപനത്തിന്റെ നോഡൽ ഏജൻസി ക്ഷീരവികസന വകുപ്പാണ്. 20 സെന്റ് സ്ഥലത്തോ അതിൽ കൂടുതൽ സ്ഥലത്തോ തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സെന്റിന് 50 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. പുതിയതായി ഫാം തുടങ്ങുന്ന കർഷകർക്കും കൂടുതൽ പശുവിനെ വളർത്തുന്ന കർഷകർക്കും, വനിത/പിന്നാക്ക വിഭാഗക്കാരായ കർഷകർക്കും മുൻഗണന നൽകുന്നുണ്ട്.

(ഡി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഇതിനുവേണ്ടിയുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ തീറ്റപ്പുൽകൃഷി വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി എന്നിവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ സ്റ്റൈലോ സാന്തസ് വിത്തും കർഷകർക്ക് നൽകിയിട്ടുണ്ട്. അനുവദിച്ച സബ്സിഡി തുക, സ്ഥലത്തിന്റെ അളവ് ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

നാടൻ പശുക്കളുടെ സംരക്ഷണം

317 (4705) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖല വ്യവസായമായതോടെ പ്രതിരോധശേഷിയുള്ള നാടൻ പശു ഇനങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കാനും വംശം നിലനിർത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) കാസർഗോഡ് കുള്ളൻ പശു, വെച്ചൂർ പശു തുടങ്ങിയ കേരളത്തിന്റെ തനതായ നാടൻ പശുക്കൾ വംശനാശ ഭീഷണി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വംശവർദ്ധനവിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. നാടൻ പശുക്കൾക്ക് പാലുത്പാദനം കുറവായതിനാൽ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിൽ ക്രോസ് ബ്രെഡ് പശുക്കൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി നാളിതുവരെയുള്ള പ്രജനന നയത്തിൽ വ്യത്യാസം വരുത്തി ഇത്തരം ജനസ്സുകളിൽ പെടുന്ന പശുക്കൾക്ക് അവയുടെ ഇനത്തിൽപ്പെട്ട കാളകളുടെ തന്നെ ബീജമാത്രകൾ നൽകുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും അവയുടെ വംശം നിലനിർത്തുന്നതിനുവേണ്ടി മാത്രം കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനങ്ങളെ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷിച്ചുവരുന്നു. " കുട്ടനാടൻ കുള്ളൻ" എന്ന പേരിൽ പെരിയാർ തീരത്ത് പുതിയ ഒരു ജനസ്സിന്റെ സംരക്ഷണം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലക്ഷ്യമിടുന്നുണ്ട്.

(സി) കാർഷിക മേഖലയായ കുത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരം നാടൻ പശുക്കളെ വിതരണം ചെയ്ത് പരിപാലനം ഉറപ്പാക്കാൻ പ്രത്യേക പാക്കേജിന് രൂപം നൽകുമോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദീകരിക്കാമോ?

ഇത്തരത്തിൽ പ്രത്യേക പാക്കേജ് പരിഗണനയിൽ ഇല്ല. നാടൻ പശുക്കളുടെ പാലിന്റെ ഗുണമേന്മ, രോഗപ്രതിരോധ ശേഷി. വലിയ പശുക്കളെക്കാൾ പരിപാലന സൗകര്യം, തീറ്റയുടെ അളവിൽ ആവശ്യമായ കുറവ് എന്നീ വിവരങ്ങളിൽ ഊന്നിയുള്ള ബോധവത്കരണംമൂലം കർഷകരെ നാടൻ പശുക്കളുടെ പരിപാലനത്തിലേക്ക് ആകർഷിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly